121/DGE/HSE/NSS/2020

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹയർസെക്കണ്ടറി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം
21/12/2020

## സർക്കുലർ

### *'വീണ്ടും വിദ്യാലയത്തിലേയ്ക്ക്' കാമ്പയിൻ*

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം യൂണിറ്റുകൾ 2020 ഡിസംബർ 27 മുതൽ 31 വരെ വീണ്ടും വിദ്യാലയത്തിലേയ്ക്ക് - കാമ്പയിൻ സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി ഒരു ദിവസം ഇരുപത് വോളണ്ടിയർമാർ മാത്രമേ എൻഎസ്എസ് യൂണിറ്റിൽ എത്താൻ പാടുള്ളൂ. **കോവിഡ് പ്രോട്ടോകോൾ നിർബന്ധമായും പാലിക്കേണ്ടതാണ്.** അസുഖമുള്ള വോളണ്ടിയർമാരെ ഈ കാമ്പയിനിൽ നിന്നും ഒഴിവാക്കാൻ പ്രോഗ്രാം ഓഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഇരുപത് വോളണ്ടിയർമാരെ 5 പേർ വീതം അടങ്ങുന്ന നാലുഗ്രൂപ്പുകളായി തിരിച്ച് വിദ്യാലയങ്ങൾ വൃത്തിയാക്കുന്നതടക്കമുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതും അവയുടെ ഫോട്ടോ പിഎസി അംഗങ്ങൾക്ക് അയയ്ക്കേണ്ടതുമാണ്. ജില്ലാ കൺവീനർമാർ ബാനറോടു കൂടിയ തെരഞ്ഞെടുത്ത ഫോട്ടോകൾ എൻഎസ്എസ് സെല്ലിലേയ്ക്ക് അയയ്ക്കേണ്ടതാണ്.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ